(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു. കൂടാതെ വകുപ്പ് തലത്തിലും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, ഫർണിച്ചർ മുതലായവ വാങ്ങി വിതരണം ചെയ്തുവരുന്നു. അംഗൻവാടികൾ സാമൂഹ്യ വിദ്യാ കേന്ദ്രങ്ങളായി ഉയർത്താനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. അതിൻപ്രകാരം ക്രമാനുഗതമായി അംഗൻവാടികളിൽ കമ്പ്യൂട്ടറും അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുന്നതാണ്.

എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം

169 [2649] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതപ്രകാരം അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധമായ പ്രൊപ്പോസലിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) വിശദാംശം വ്യക്തമാക്കുമോ;

(ഡി) അംഗൻവാടികളിലെ പോഷകാഹാര വിതരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഐ.സി.ഡി.എസ്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാത്രമേ പുതിയ അംഗൻവാടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ 7-1-2003-ലെ നിർദ്ദേശമനുസരിച്ച് 10-ാം പഞ്ചവത്സര പദ്ധതിയിൽ ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്നും, ഈ കാലയളവിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗൻവാടികൾ പ്രോജക്ട് മാനദണ്ഡമനുസരിച്ച് പുനർനിർണ്ണയം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പാവനടുക്കത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ

170 [2650] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർഗോഡ് ജില്ലയിലെ പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധ മന്ദിരത്തിൽ ഇപ്പോൾ എത്ര അന്തേവാസികളുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; എത്ര ഒഴിവുകളുണ്ട്; ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) അന്തേവാസികൾക്കായി ഇപ്പോൾ ദിവസവും എത്ര രൂപയാണ് ഭക്ഷണത്തിനും മറ്റുമായി വകുപ്പ് ചെലവിടുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) അന്തേവാസികൾക്കായി ഒരു ദിവസം ഇപ്പോൾ അനുവദിക്കപ്പെട്ട സംഖ്യ വളരെ കുറവായതിനാൽ ഇത് വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 22 അന്തേവാസികളുണ്ട്.

(ബി) 9 തസ്തികകൾ നിലവിലുണ്ട് എങ്കിലും പലതും ഒഴിഞ്ഞു കിടക്കുകയാണ്. ഒരു പ്യൂണും ഒരു കുക്കും നിലവിലുണ്ട്. സൂപ്രണ്ടിന്റെ ചുമതല ഒബ്സർവേഷൻ ഹോം സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. മെയിൽ/ഫീമെയിൽ അറ്റൻഡന്റിനെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള 6 ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അന്തേവാസികളുടെ സംരക്ഷണച്ചെലവിനായി ഒരു ദിവസം 15 രൂപവച്ച് പ്രതിമാസം 450 രൂപ നൽകിവരുന്നുണ്ട്. കൂടാതെ മരുന്ന്, കിടക്ക, വസ്ത്രം എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും നൽകിവരുന്നുണ്ട്.

(ഡി) അന്തേവാസികളുടെ സംരക്ഷണച്ചെലവിനായി പ്രതിമാസം നൽകിവന്നിരുന്ന 250 രൂപ 8-11-2002 മുതലാണ് 450 രൂപയായി വർദ്ധിപ്പിച്ചത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ ഈ തുക ഇനിയും വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിലെ ഒഴിവുകൾ

171 [2651] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. തസ്തികകളിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ ഏതെല്ലാം ജില്ലകളിലാണെന്നും ഓരോ ജില്ലകളിലും എത്രയൊക്കെ ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ ജില്ലയിലും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകളിൽ ഏത് കാലയളവിനുള്ളിൽ നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly